**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 76** **04-10-2021 - ൽ മറുപടിയ്ക്ക്**

**വിദേശ മലയാളികളുടെ യാത്രാസൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ വിദേശരാജ്യങ്ങളിൽ നിന്നും തിരിച്ചെത്തിയ മലയാളികൾക്ക് യഥാസമയം തിരിച്ച് ജോലിസ്ഥലങ്ങളിൽ എത്താൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദേശത്തേക്ക് തൊഴിലിനായി പോകുന്നവർക്കും, വിദേശരാജ്യങ്ങളിൽ പഠിക്കുന്നവർക്കും വാക്സിനേഷന് മുൻഗണന നൽകുകയും, നാട്ടിൽ കോവിഡ് വാക്സിനേഷൻ പൂർത്തിയാക്കിയ പ്രവാസികൾക്ക് പാസ്പോർട്ട് നമ്പർ കൂടി ചേർത്ത് വാക്സിനേഷൻ സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്തിട്ടുണ്ട്. കോവിഡ്-19 പശ്ചാത്തലത്തിൽ, വിവിധ രാജ്യങ്ങളുമായി ഉണ്ടാക്കിയ എയർ ബബിൾ കരാർ സംവിധാനം വഴി പ്രവാസികൾക്ക് യാത്ര സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. വാക്സിൻ അംഗീകാരം, വിസ റഗുലറൈസേഷൻ എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് നയതന്ത്രചാനൽ വിനിയോഗിച്ച് പരിഹാരം കണ്ടെത്തുവാൻ കേന്ദ്ര വിദേശകാര്യ/ ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയങ്ങളോട് ചീഫ് സെക്രട്ടറി തലത്തിലും, ബഹു.പ്രധാനമന്ത്രി, കേന്ദ്ര വിദേശകാര്യ വകുപ്പുമന്ത്രി എന്നിവരോട് മുഖ്യമന്ത്രിതലത്തിലും അഭ്യർത്ഥിച്ചിട്ടുണ്ട്. യഥാസമയം ജോലിക്ക് എത്താൻ സാധിക്കാത്തത് കാരണം ജോലി നഷ്ടപ്പെട്ടവരുടെ കണക്ക് കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമായിട്ടില്ല. ജാഗ്രതാ പോർട്ടലിൽ ലഭ്യമായ കണക്കനുസരിച്ച് 17.13 ലക്ഷം പേർ കേരളത്തിലേയ്ക്ക് മടങ്ങിയിട്ടുണ്ട്. എന്നാൽ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ നൽകുന്ന വിവരങ്ങൾ അനുസരിച്ച് 31.72 ലക്ഷം ആളുകൾ കേരളത്തിലെ 4 എയർപോർട്ടുകൾ വഴി വിദേശത്തേയ്ക്ക് സഞ്ചരിച്ചിട്ടുണ്ട്. |
| (ബി) | നോർക്ക വകുപ്പ് ഇടപെട്ട് ഇവരെ അവർ ജോലിചെയ്യുന്ന സ്ഥലങ്ങളിൽ തിരികെ എത്തിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; യഥാസമയം ജോലിക്ക് എത്താൻ സാധിക്കാത്തത് കാരണം ജോലി നഷ്ടപ്പെട്ടവരുടെ കണക്ക് വിശദമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദേശത്തേക്ക് തൊഴിലിനായി പോകുന്നവർക്കും, വിദേശരാജ്യങ്ങളിൽ പഠിക്കുന്നവർക്കും വാക്സിനേഷന് മുൻഗണന നൽകുകയും, നാട്ടിൽ കോവിഡ് വാക്സിനേഷൻ പൂർത്തിയാക്കിയ പ്രവാസികൾക്ക് പാസ്പോർട്ട് നമ്പർ കൂടി ചേർത്ത് വാക്സിനേഷൻ |

| | | | |
|---|---|---|---|
| | | | സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്തിട്ടുണ്ട്. കോവിഡ്-19 പശ്ചാത്തലത്തിൽ, വിവിധ രാജ്യങ്ങളുമായി ഉണ്ടാക്കിയ എയർ ബബിൾ കരാർ സംവിധാനം വഴി പ്രവാസികൾക്ക് യാത്ര സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. വാക്സിൻ അംഗീകാരം, വിസ റഗുലറൈസേഷൻ എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് നയതന്ത്രചാനൽ വിനിയോഗിച്ച് പരിഹാരം കണ്ടെത്തുവാൻ കേന്ദ്ര വിദേശകാര്യ/ ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയങ്ങളോട് ചീഫ് സെക്രട്ടറി തലത്തിലും, ബഹു.പ്രധാനമന്ത്രി, കേന്ദ്ര വിദേശകാര്യ വകുപ്പുമന്ത്രി എന്നിവരോട് മുഖ്യമന്ത്രിതലത്തിലും അഭ്യർത്ഥിച്ചിട്ടുണ്ട്. യഥാസമയം ജോലിക്ക് എത്താൻ സാധിക്കാത്തത് കാരണം ജോലി നഷ്ടപ്പെട്ടവരുടെ കണക്ക് കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമായിട്ടില്ല. ജാഗ്രതാ പോർട്ടലിൽ ലഭ്യമായ കണക്കനുസരിച്ച് 17.13 ലക്ഷം പേർ കേരളത്തിലേയ്ക്ക് മടങ്ങിയിട്ടുണ്ട്. എന്നാൽ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ നൽകുന്ന വിവരങ്ങൾ അനുസരിച്ച് 31.72 ലക്ഷം ആളുകൾ കേരളത്തിലെ 4 എയർപോർട്ടുകൾ വഴി വിദേശത്തേയ്ക്ക് സഞ്ചരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ